St. Antony's L.P and UP School Kannoth

# Academic Master Plan

# ശബ്നം

# അക്കാദമിക് മാസ്റ്റർപ്ലാൻ

# ഉർദു

# ആമുഖം

ഒരു 'മഞ്ഞുതുള്ളി'യുടെ നൈർമല്യത്തോടെ ജീവിതത്തിലേക്ക് ചുവടുവയ്ക്കുന്ന കുഞ്ഞുങ്ങളെ തങ്ങളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് ഉയരങ്ങളിലേക്ക് കുതിക്കാനുള്ള കൈത്താങ്ങായാണ് ***'ശബ്നം'*** (മഞ്ഞുതുള്ളി) എന്ന പേരിൽ ഉർദുവിലെ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

ഭാഷാശേഷികളുടെ ചിട്ടയായ വികസനത്തിനൊപ്പം ഉർദുഭാഷയോട് കൂടുതൽ താൽപര്യം ജനിപ്പിക്കുക എന്ന ലക്ഷ്യവും ഈ ആസൂത്രണത്തിലൂടെ ഉന്നം വയ്ക്കുന്നു. കഥകളിലൂടെയും കളികളിലൂടെയും വിവരസാങ്കേതികവിദ്യകളുടെ പരിപൂർണസഹകരണത്തോടെയും 3 വർഷത്തേക്ക് നടത്തുന്ന ആസൂത്രണപരിപാടികളിലൂടെ ഉർദുഭാഷാശേഷികളെ സുഗമമായി വളർത്തിക്കൊണ്ടുവരുവാൻ ഈ മാസ്റ്റർപ്ലാൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**മേഖല : അക്കാദമികം**

**ഉപമേഖല : ഉർദു**

| നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1. | <u>ശ്രവണം മനോഹരം</u><br>♦ ബാലകഥകൾ, കവിതകൾ, സംഭാഷണശകലങ്ങൾ ഇവ കേൾക്കാനവസരം<br>♦ ഉർദുസീരിയൽ വീട്ടിൽ നിന്ന് കാണുവാനുള്ള നിർദ്ദേശം നൽകൽ<br>♦ ഡൽഹി സുൽത്താൻ ഭരണകാലം, ഗാലിബ് എന്നീ പഴയപ്രശസ്ത സിനിമകൾ, സംഭാഷണങ്ങൾ ഇവ കേൾക്കാനുള്ള അവസരം<br>♦ ക്ലാസ്സിൽ സംസാരം ഉർദുഭാഷയിൽ -നല്ലഭാഷ കേൾക്കാനവസരം | ആഴ്ചയിലൊരിക്കൽ<br><br>വർഷത്തിൽ ഒരു തവണ | 5,6,7 | ഭാഷാപദങ്ങൾ പരിചിതമാക്കുക.<br><br>സംഭാഷണങ്ങൾ സ്വയം തയ്യാറാക്കാനുള്ള ശേഷി നേടുക |
| 2. | <u>ദൃശ്യം – സൗകുമാര്യം</u><br>♦ പാഠഭാഗത്തിലെ സംഭാഷണശകലങ്ങൾ ക്ലാസ്സിൽ അഭിനയിക്കാനുള്ള പ്രചോദനം നൽകൽ<br>♦ വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ പഴയകാല ഉർദു സിനിമകളുടെ പ്രദർശനം<br>♦ ഗുലാംഅലി, മെഹദിഹസൻ മഞ്ജരി എന്നിവയുടെ ഗസലുകൾ, വീഡിയോകൾ ഇവ കാണാനവസരം<br>♦ ഉർദു ചാനലുകൾ, ഉർദു സൈറ്റുകൾ ഇവ സന്ദർശിക്കാനുള്ള അവസരം സൃഷ്ടിക്കൽ | വർഷത്തിലൊരിക്കൽ | 5,6,7 | കുട്ടികളുടെ ശ്രദ്ധ ഏകോപിപ്പിക്കുക.<br><br>ഉർദുഭാഷയോട് താല്പര്യം ജനിപ്പിക്കുക. |
| 3. | <u>പ്രകടനം – ഉദാത്തം</u><br>♦ പാഠഭാഗങ്ങളുടെ റോൾപ്ലേ അവതരണം<br>♦ കവിതകളുടെ വ്യക്തിപരമായും ഗ്രൂപ്പിലുമുള്ള അവതരണം<br>♦ ഒരു കവിതക്ക് വിവിധ ഈണങ്ങൾ നൽകിക്കൊണ്ടുള്ള മത്സരങ്ങൾ<br>♦ കയ്യെഴുത്തുമാസിക നിർമ്മാണം<br>♦ ചുവർപത്രികാ നിർമ്മാണം<br>♦ കോപ്പിയെഴുത്ത് | ആഴ്ചയിലൊരിക്കൽ<br><br>എല്ലാദിവസവും | 5,6,7<br><br>5,6,7 | ഭാഷാപ്രയോഗത്തിനുള്ള അവസരം നൽകൽ<br><br>ക്രിയാത്മകത മനസ്സിലാക്കൽ<br><br>കയ്യക്ഷരം ഭംഗിയാക്കാൻ |

**മേഖല : അക്കാദമികം**

**ഉപമേഖല : ഉർദു**

| നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 4. | **കളിയിൽ അൽപം കാര്യം**<br>♦ വിവിധതരം കളികളിലൂടെ ഉർദു ഭാഷയോട് താൽപര്യം വർദ്ധിപ്പിക്കൽ<br>♦ അക്ഷരച്ചിത്രങ്ങൾ<br>♦ ടാഗ് നിർമ്മാണം<br>♦ ഒരക്ഷരം - പരമാവധി വാക്കുകൾ<br>♦ പദപ്പയറ്റ്<br>♦ അന്താക്ഷരി<br>♦ കവിതാരചന<br>♦ ക്ലാപ്പ് & പോയിന്റിംഗ് കളികൾ<br>♦ ക്വിസ്സ് മത്സരങ്ങൾ | ആഴ്ചയി ലൊരു തവണ | 5,6,7 | കുട്ടികളുടെ താൽപ ര്യത്തോടെയുള്ള പങ്കാളിത്തം<br><br>പ്രകടനശേഷി വർദ്ധിപ്പിക്കൽ |
| 5. | **ഭാഷാപഠനം - ആധുനികതയിൽ**<br>♦ ഐ.ടി. സഹായത്തോടെ ഉർദു-ടൈപ്പിംഗ്<br>♦ സ്ലൈഡ് നിർമ്മാണം<br>♦ സംഭാഷണങ്ങൾ, ഗാനങ്ങൾ ഇവയുടെ റെക്കോഡിംഗ്<br>♦ സിനിമാ, സീരിയൽ ഡബ്ബിംഗ് | വർഷത്തി ലൊരുത വണ | 5,6,7 | ഭാഷാശേഷികളുടെ വികസനം, വിവര സാങ്കേതികവിദ്യ പരിചയപ്പെടുത്തൽ |
| 6. | **ഉർദു സാഹിത്യവേദി**<br>♦ ഓരോ കുട്ടിക്കും കഴിവുള്ള മേഖലയിൽ തങ്ങളുടെ അറിവുകൾ പ്രകടമാക്കാനസവരം<br>♦ കവിതാലാപനം<br>♦ ഗസൽ ആലാപനം<br>♦ സംഘഗാനം<br>♦ നാടകം<br>♦ വിവിധ കലാരൂപങ്ങൾ കാണനവസരം<br>♦ ഉർദുക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടു ത്തൽ | വർഷത്തി ലൊരുത വണ | 5,6,7 | സർഗ്ഗശേഷി വിക സനം<br><br>ക്രിയാത്മകത വർദ്ധിപ്പിക്കുക. |

**മേഖല : അക്കാദമികം**

**ഉപമേഖല : ഉർദു**

| നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 7. | **ക്ലബ്ബ് പ്രവർത്തനങ്ങൾ**<br>♦ നോട്ടീസ് ബോർഡിൽ ഒരുദിനം -ഒരു വാക്ക് തയ്യാറാക്കൽ<br>♦ ഒരുദിനം- ഒരുചിത്രം -ഒരു വചനം -പ്രദർശനം<br>♦ ഉർദുപത്രവാർത്തകൾ മറ്റു അനുബന്ധവാർത്തകൾ ഇവയുടെ പ്രദർശനം | എല്ലാദിവസവും | 5,6,7 | സംഘാടകത്വം ഏകോപനം ഇവ വളർന്ന് വരുവാൻ നേതൃത്വപരിശീലനം |
| 8. | **നിർമ്മാണം – വൈഭവം**<br>♦ നിത്യോപയോഗസാധനങ്ങൾ ശേഖരിച്ച് അവയുടെ പേരുകൾ ഉർദുവിൽ എഴുതി -അവയുടെ പ്രദർശനം<br>♦ മൃഗങ്ങൾ, പക്ഷികൾ, നിറങ്ങൾ, പൂക്കൾ, പച്ചക്കറികൾ, പഴങ്ങൾ എന്നിങ്ങനെ പാഠഭാഗവുമായി ബന്ധപ്പെട്ടവയുടെ ശേഖരണം- പ്രദർശനം<br>♦ ഉർദു ഭാഷാലാബ്<br>♦ ഉർദു പുസ്തകങ്ങളുടെ പ്രദർശനം- കഥകൾ, കവിതകൾ, ഓഡിയോ -വീഡിയോ സിഡികൾ<br>♦ കഥാകാരന്മാർ – കവികൾ എന്നിവരുടെ ചിത്രങ്ങൾ വിവരങ്ങൾ എന്നിവയുടെ ശേഖരണം – പ്രദർശനം | വർഷത്തിലൊരിക്കൽ | 5,6,7 | നിർമ്മാണ പ്രവർത്തനങ്ങൾ ക്രിയാത്മകത വളർത്തൽ<br><br>ശേഖരണശീലം വളർത്താൻ |
| | **പഠനയാത്ര**<br>♦ ഉർദുഭാഷ ഒന്നാം ഭാഷയായി എടുത്ത കുട്ടികളെ ഉൾപ്പെടുത്തി - അവരുടെ കരിക്കുലവുമായി ബന്ധപ്പെട്ട ഒരു സ്ഥലം കാണാനുള്ള യാത്ര.. | വർഷത്തിലൊരുതവണ | 5,6,7 | |
| | | | | |

## അക്കാദമിക് മാസ്റ്റർപ്ലാൻ- സംസ്കൃതം

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | അക്ഷരജ്ഞാനം | അക്ഷരകളരി,കോപ്പിയെഴുത്ത് | പ്രവേശനോത്സവം മുതൽ ആഗസ്റ്റ് 31 വരെ | സംസ്കൃതാധ്യാപകൻ | ഇല്ല | |
| 2 | വായന | വായനാവസന്തം,ലഘുപദങ്ങളിൽ തുടങ്ങി ആശയം ഉൾക്കൊണ്ട് വായന | ജൂൺ15 മുതൽ തുടർപ്രക്രിയ | സംസ്കൃതാധ്യാപകൻ | ഇല്ല | |
| 3 | പഠനാഭിമുഖ്യം ഒരുക്കൽ | പഠനോപകരണ നിർമ്മാണം-ഓരോ പാഠഭാഗത്തിനും അനുയോജ്യമായ പഠനോപകരണം ഉണ്ടാക്കുന്നു. | ഓരോ മാസവും ഒരു ക്ലാസ് ഉപയോഗപ്പെടുത്തുന്നു (അധ്യയനവർഷം മുഴുവൻ) | സംസ്കൃതാധ്യാപകൻ,കുട്ടികൾ,രക്ഷിതാക്കൾ | ആവശ്യമായത് അധ്യാപകൻ വഹിക്കുന്നു | |
| 4 | നിരന്തര പഠനാവസരം കണ്ടെത്തൽ | ഓരോ പാഠഭാഗത്തിനും അധിക പ്രവർത്തനമായി 3വീതം വർക്കുഷീറ്റുകൾ നൽകുന്നു | അധ്യയനവർഷം മുഴുവൻ | സംസ്കൃതാധ്യാപകൻ | ആവശ്യമായത് അധ്യാപകൻ വഹിക്കുന്നു | |
| 5 | സർഗ്ഗവേള | കുട്ടികൾക്ക് സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ അവസരം കണ്ടെത്തുന്നു | അധ്യയനവർഷം മുഴുവൻ | സംസ്കൃതാധ്യാപകൻ | ഇല്ല | |
| 6 | സംഭാഷണം | ക്ലാസടിസ്ഥാനത്തിൽ സംഭാഷണ ക്ലാസ് നടത്തുന്നു | ഓരോ മാസവും ഒരു ക്ലാസ് ഉപയോഗപ്പെടുത്തുന്നു (അധ്യയനവർഷം മുഴുവൻ) | സംസ്കൃതാധ്യാപകൻ | ഇല്ല | |
| 7 | മൂല്യം,മനോഭാവം ജീവിതനൈപുണി | വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പങ്കാളിത്തം | അധ്യയനവർഷം മുഴുവൻ | സംസ്കൃതാധ്യാപകൻ | ഇല്ല | |

സംസ്കൃതഭാഷാപഠനവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ പഠനപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിവിധ പഠനതന്ത്രങ്ങൾ ആവിഷ്കരിച്ച് പ്രാവർത്തികമാക്കുകയാണ്.പ്രശ്നമേഖലകളായി കണ്ടെത്തിയിട്ടുള്ള അക്ഷരബോധം,വായനാപ്രശ്നങ്ങൾ പഠനാഭിമുഖ്യം സൃഷ്ടിക്കൽ,ശേഷി വിനിമയം,സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള ആത്മവിശ്വാസക്കുറവ് ആശയവിനിമയപ്രശ്നങ്ങൾ,മൂല്യം,മനോഭാവം,ജീവിതനൈപുണി എന്നിവ നേടിയെടുക്കൽ എന്നീ പ്രയാസങ്ങൾ വിവിധ പ്രവർത്തനങ്ങളിലൂടെ പരിഹരിക്കാൻ കഴിയും.

## പ്രവർത്തനം 1 -അക്ഷരക്കളരി

പ്രവേശനോത്സവം മുതൽ ആഗസ്റ്റ്31 വരെയുള്ള തിയ്യതികളിൽ പ്രത്യേക പരിശീലനം നൽകി കുട്ടികളുടെ അക്ഷരങ്ങൾ എഴുതുന്നതിലും ചിഹ്നങ്ങൾ ചേർത്തെഴുതുന്നതിലുമുള്ള പ്രയാസങ്ങൾ പരിഹരിക്കുകയും ചെയ്യുന്നു .ഇതോടൊപ്പം തന്നെ ഉച്ചാരണശുദ്ധിയോടെ സംസാരിച്ച് പഠിക്കാനുള്ള പരിശീലനവും നൽകുന്നു. ഇതിനായി കോപ്പി എഴുതിക്കുകയും എഴുതുന്ന ഓരോ അക്ഷരവും അതാത് സമയം തന്നെ വായിച്ച് മനസ്സിലാക്കി കൊടുക്കുകയും ചെയ്യുന്നു.ഇതോടൊപ്പം ഐ സി ടി സാധ്യത ഉപയോഗപ്പെടുത്തി അക്ഷരങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുകയും നിരന്തരവായനയിലൂടെ ഹൃദിസ്ഥമാക്കുകയും ചെയ്യുന്നു.ഇവ യഥാസമയം മൂല്യനിർണ്ണയം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

## പ്രവർത്തനം-2 വായനാവസന്തം

കുട്ടികളിൽ അക്ഷരാവബോധം പ്രാപ്തമാക്കിയശേഷം വായനയിലേക്ക് പ്രവേശിക്കുന്നു. ലഘുപദങ്ങളിൽ തുടങ്ങി ആശയം ഉൾക്കൊണ്ട് വായന പരിശീലിപ്പിക്കുന്നു.ഇതിനായി രസകരമായ സംസ്കൃത കഥാപുസ്തകങ്ങൾ ക്ലാസിൽ വായനക്കായി നൽകുന്നു.വായിക്കാൻ പ്രയാസം നേരിടുന്ന പദങ്ങൾ പ്രത്യേകം എഴുതിയെടുത്ത് ആവർത്തിച്ച് വായിക്കുന്നു.ഇതോടൊപ്പം വ്യക്തിഗത വായന,ഗ്രൂപ്പ് വായന എന്നിവ നടത്തുന്നു.വായന സ്വയം വിലയിരുത്താനും ഗ്രൂപ്പിൽ വിലയിരുത്താനും കഴിയുന്നു.കൂടാതെ ക്ലാസ് തല വായനാമത്സരം നടത്തുകയും വിജയികൾക്ക് പ്രോത്സാഹനസമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു.

ജൂൺ 15 മുതൽ തുടർപ്രക്രിയയായി അധ്യയനവർഷം മുഴുവൻ ഈ പ്രവർത്തനം നടത്തുന്നു.

## പ്രവർത്തനം-3 -പഠനോപകരണനിർമ്മാണം

കുട്ടികളിൽ പഠനാഭിമുഖ്യം വളർത്തുകയാണ് പഠനോപകരണനിർമ്മാണപ്രവർത്തനത്തിലൂടെ ലക്ഷ്യമാക്കുന്നത്.ഓരോ പാഠഭാഗവും തുടങ്ങുന്നതിന് മുന്നോടിയായി ആ പാഠഭാഗത്തിലേക്കാവശ്യമായ പഠനോപകരണങ്ങൾ അധ്യാപകനും കുട്ടികളും ചേർന്ന് ക്ലാസ് മുറിയിൽ തയ്യാറാക്കുന്നു.ഇതിനാവശ്യമായ വസ്തുക്കൾ അധ്യാപകനും കുട്ടികളും ചേർന്ന് സംഘടിപ്പിക്കുന്നു.മാസത്തിൽ ഒരു ക്ലാസ് ഇതിനായി മാറ്റിവെക്കുന്നു. ഇങ്ങനെ എല്ലാ കുട്ടികളും പഠനോപകരണത്തിന്റെ സഹായത്തോടെ പഠനപ്രവർത്തനങ്ങളിൽ പങ്കാളി

കളാകുന്നു.കുട്ടികൾ സ്വയം തയ്യാറാക്കുന്ന പഠനോപകരണങ്ങൾ ഉപയോഗിച്ച് പഠിക്കുന്നതിലൂടെ വളരെ വേഗം പഠനനേട്ടം കൈവരിക്കുകയും പഠനാഭിമുഖ്യം വളരുകയും ചെയ്യുന്നു.

## പ്രവർത്തനം- 4-വർക്ക്ഷീറ്റ്

പഠനപ്രവർത്തനങ്ങളിലൂടെ നേടിയ ശേഷികൾ ഉൾപ്പെടുത്തി ഓരോ പാഠഭാഗത്തിനും അനുയോജ്യമായ വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു. പാഠപുസ്തകത്തിലെ പഠനപ്രവത്തനങ്ങൾ കൂടാതെ ഓരോ പാഠത്തിനും മൂന്ന് വീതം വർക്കുഷീറ്റുകൾ ഇത്തരത്തിൽ തയ്യാറാക്കുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ നിരന്തരം സംസ്കൃതഭാഷാപരമായ ഇടപെടലുകൾക്ക് അവസരം ലഭിക്കുന്നു,കൂടാതെ കുട്ടികളിലും രക്ഷിതാക്കളിലും ഭാഷാപരമായ ആഭിമുഖ്യം വളർത്താൻ ഈ പ്രവർത്തനം സഹായകമാകുന്നു.കുട്ടികൾ പൂർത്തിയാക്കുന്ന വർക്കുഷീറ്റുകൾ യഥാസമയം മൂല്യനിർണ്ണയം നടത്തുന്നു.

## പ്രവർത്തനം-5 സർഗ്ഗവേള

കുട്ടികളിൽ സർഗ്ഗാത്മകത വളർത്തുന്നതിനായി ക്ലാസ് തല സർഗ്ഗവേള നടത്തുന്നു.കവിതാലാപനം ,വാർത്താവാചനം,കഥാകഥനം തുടങ്ങിയ ഇനങ്ങൾ ക്ലാസിൽ അവതരിപ്പിക്കാൻ അവസരമൊരുക്കുന്നു.എല്ലാ കുട്ടികൾക്കും അവസരവും ആവശ്യമായ പരിശീലനവും നൽകുന്നു.സംസ്കൃതഭാഷയുമായി ബന്ധപ്പെട്ട കലാരൂപങ്ങളും പുസ്തകങ്ങളും പരിചയപ്പെടുത്തുന്നു,പരിപാടികളിൽ മികവുപുലർത്തുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേകപരിശീലനം നൽകി സബ് ജില്ലാതല മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു. ഐ ടി സാധ്യത ഉപയോഗപ്പെടുത്തി പരിശീലനം നൽകുന്നു

## പ്രവർത്തനം- 6 സംഭാഷണക്ലാസ്

കുട്ടികളിൽ സംസ്കൃതസംഭാഷണചാതുര്യം വർദ്ധിപ്പിക്കുന്നതിനായി ക്ലാസ് തല സംഭാഷണശിബിരം നടത്തുന്നു.ഇതിനായി ഒഴിവുപിരീഡുകൾ ഉൾപ്പടെയുള്ള സമയം ഉപയോഗപ്പെടുത്തുന്നു.ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ വിദഗ്ധരെ പങ്കെടുപ്പിച്ച് ക്ലാസ് നടത്തുന്നു.ദൈനംദിന ജീവിത സാഹചര്യങ്ങളിൽ ഇടപെട്ട് സംസ്കൃതസംഭാഷണം നടത്താൻ കുട്ടികളെ പ്രാപ്തരാക്കുന്നു.

## പ്രവർത്തനം- 7-ദിനാചരണങ്ങൾ

കുട്ടികളിൽ മൂല്യവും മനോഭാവവും,ജീവിതനൈപുണിയും വധിപ്പിക്കുന്നതിനായി വിവിധ പ്രവത്തനങ്ങൾ നടത്തുന്നു.സ്കൂളിൽ സംഘടിപ്പിക്കുന്ന ദിനാചരണങ്ങൾ.ആഘോഷങ്ങൾ എന്നിവയിൽ സംസ്കൃതഭാഷാപ്രവർത്തനങ്ങൾ അവതരിപ്പിക്കാനവസരം നൽകുന്നു.സംസ്കൃതദിനം സമുചിതനായി ആഘോഷിക്കേണ്ടതാണ്.സംസ്കൃത

ഭാഷയെ ജനകീയമാക്കാനും ഉത്തമ മൂല്യങ്ങളും മനോഭാവങ്ങളും വളത്താനും ജീവിതപ്രയാസങ്ങളെ മറികടക്കാനാവശ്യമായ ജീവിതനൈപുണികൾ സ്വായത്തമാക്കാനും ഇത്തരം പ്രവത്തനങ്ങളിലൂടെ സാധിക്കുന്നു.

ന ചോരഹാര്യം ന ച രാജഹാര്യം
ന ഭ്രാതൃഭാജ്യം ന ച ഭാരകാരി
വ്യയേ കൃതേ വർദ്ധത ഏവ നിത്യം
വിദ്യാധനം സർവ്വധനാത് പ്രധാനം

അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ഭാഗമായി സ്കൂളിൽ നടപ്പിലാക്കുന്ന സംസ്കൃതഭാഷാപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് യഥാസമയം മൂല്യനിർണ്ണയം നടത്തി പഠനശേഷി നേടിയെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.ഈ  പ്രവർത്തനങ്ങളുടെ നടത്തിപ്പ് ചുമതല സംസ്കൃതാധ്യാപകനായിരിക്കും.സ്കൂൾ എച്ച് എം, മോണിറ്ററിംഗ് നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമെന്ന് പ്രതീക്ഷിക്കുന്നു.ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ സാമ്പത്തികകാര്യങ്ങൾ സംസ്കൃതാധ്യാപകൻ വഹിക്കുന്നതാണ്.

# ENGLISH

| Aim | Activities | Month | Responsible Person | Economic Source |
| --- | --- | --- | --- | --- |
| To encourage <u>Listening & Speaking.</u><br><br>Introduce different genres (fiction, non- fiction, poetry)<br>Enhance vocabulary.<br>Enhance listening skills.<br><br>To encourage <u>Reading</u><br>Develop basic reading, writing, listening, and speaking skills.<br><br>Cultivate effective communication skills for various contexts. | Interactive storytelling sessions discussing themes, characters and plots to enhance listening skills.<br>Group discussions and role-plays to improve speaking skills.<br>Vocabulary games and exercises to build word knowledge.<br><br>Interactive Reading Circles:<br><br>Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels.<br><br>Each group reads the assigned text together and discusses key elements like plot, characters, and themes.<br><br>Encourage students to take turns reading aloud and share their interpretations and reactions to the text.<br><br>After discussions, each group presents a summary or analysis of their assigned text to the class.<br><br>Guided reading sessions with comprehension questions.<br>Listening comprehension exercises using audio stories. | June<br><br>July | English Teachers | English Club |

| | | | | |
|---|---|---|---|---|
| **To develop <u>Writing Skills</u><br>Introduce grammatical concepts such as parts of speech, tenses, and sentence structure.<br>To develop basic Grammar rules.<br>Focus on sentence structure, punctuation, and grammar.<br><br>Expand vocabulary through reading and interactive activities.<br><br>Introduce different types of writing: narrative, descriptive, persuasive, etc.** | **Debates and presentations for advanced speaking practice.<br><br>Expanding vocabulary with context clues from passage.<br><br>Improve sentence structure.<br><br>Practice for simple creative writing tasks like descriptive paragraphs, short stories, and simple poetry.<br><br>Projects and research assignments to foster critical thinking.<br><br>Focus on developing paragraphs and essays.<br>Teach persuasive writing techniques and argumentation.<br><br>Preparing and delivering speeches.<br>Listening to and analysing different media sources.<br><br>Interactive grammar games.<br>Structured grammar lessons with examples and practice exercises.<br>Worksheets on parts of speech, punctuation and sentence types.** | **August-December<br><br>January -<br><br>February** | **English Teachers** | **English Club** |

| | | | | |
|---|---|---|---|---|
| **Language Games, puzzles and Activities:**<br><br>**Differentiation and Support:** | **Integrate language games and activities to reinforce vocabulary, grammar, and language skills in an engaging way.**<br><br>**For example, play word association games, charades, or vocabulary bingo to practice new words and concepts.**<br><br>**To create their own poems, stories, dictionary etc and present it to the class.**<br><br>**Recognize and accommodate the diverse learning needs of students through differentiated instruction, including accommodations and modifications for specially abled students and gifted learners.**<br><br>**Provide additional support and resources such as small-group instruction, tutoring, peer mentoring, and remedial programs to help struggling students and challenge advanced learners.**<br><br>**Offer opportunities for enrichment and extension activities to extend learning beyond the core curriculum and cater to students' interests and strengths.** | **Throughout the year** | **English Teachers** | **English Club** |

| | | | | |
|---|---|---|---|---|
| Assessment and Feedback: | Collaborate with learning support specialists, language teachers, and other support staff to ensure inclusive practices and provide targeted support for students with specific learning needs.<br><br>Design a range of assessment tasks and tools to measure students' language proficiency, comprehension, and writing skills, including formative and summative assessments.<br><br>Use a variety of assessment methods such as quizzes, tests, essays, presentations, projects, and performance tasks to assess different aspects of language learning.<br><br>Provide timely and constructive feedback to students that highlights their strengths, identifies areas for improvement, and suggests strategies for further development.<br><br>Involve students in self-assessment and reflection activities to promote ownership of their learning process.<br><br>Use assessment data to inform instructional planning, identify learning gaps, and differentiate instruction to meet individual student needs.<br><br>Provide resources and tips for parents on how to support their child's literacy | Throughout the year | English Teachers | English Club |

| | | | | |
|---|---|---|---|---|
| **Parent Involvement** | **development at home, including book recommendations, reading strategies, and language enrichment activities.**<br><br>**Showcase students' and parents' writing through publications, newsletters, or school-wide writing anthologies to celebrate their achievements and foster a culture of writing.**<br><br>**Encourage parents with expertise in English language teaching, literacy, or language acquisition to share their knowledge and skills with students and teachers.**<br><br>**Collaborate with parents to create English language learning materials, such as flashcards, games, or resource packs, that can be used in the classroom or sent home for additional practice.** | | **English Teacher**<br><br>**English Teachers & PTA Members & parents** | **English Club** |

# Academic Master Plan- UP Science

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1) | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രം തിരിച്ചറിയാൻ | പച്ചക്കറികളോടും, ഔഷധങ്ങളോടും ശലഭോദ്യാനം എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവപാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ ഊർജ്ജ ക്ലബ്, Science club. Health club. | PTA. |
| | | കണ്ടറിയാൻ ഒരു യാത്ര<br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്താൻ, പ്രകൃതിയെ അറിയാൻ യാത്ര വിവിധ ആവാസങ്ങൾ സന്ദർശനം. | July | | |
| | | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു- | June onwards | | |

| | | | | |
|---|---|---|---|---|
| | പരീക്ഷണങ്ങൾ നടത്തി ശാസ്ത്ര ക്ലബ്ബ് ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. | July | " | Parents. |
| 2) ശാസ്ത്ര പ്രതിഭാ ശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാൻ കഴിവ് വർദ്ധിപ്പിക്കുക. | ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ക്ലാസുകളിൽ നിർമ്മിക്കുക. ആധുനിക ശാസ്ത്ര ലോകത്തിലെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം നടത്തുക. കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ചുകൊണ്ട് | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ " | PTA Parents. |

| | | | | |
|---|---|---|---|---|
| | ശാസ്ത്ര ലൈബ്രറി തയ്യാറാക്കുന്നു. | | | ✓ |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തി-നായി പ്രയോജനപ്പെടുത്തുന്നു. | ICT യുടെ സഹായത്തോടെ ശാസ്ത്ര വിവരങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു പുതിയ കണ്ടെത്തലുകൾ ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെടുത്തി കൂടുതൽ അറിവുകൾ എന്നിവയുടെ വിഡിയോ പ്രദർശനം | അക്കാദമിക വർഷം | Science club ഊർജ്ജ club ശാസ്ത്രാധ്യാപകർ | ശാസ്ത്രാധ്യാപകർ. |

## U P Mathematics

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മുത്തുകൾ എന്നിവ ഉപയോഗിച്ച്) | ജൂൺ | ഗണിത അധ്യാപകർ | - |
| 2) ഗണിതമേഖലയിൽ കുട്ടികളുടെ താത്പര്യം വർധിപ്പിക്കൽ | ഗണിതത്തിൽ പ്രാവിണ്യമുള്ള മറ്റ് അധ്യാപകരെ വിനോദം നൽകുന്ന കുട്ടികൾക്ക് താത്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ എടുക്കാൻ ഉപയോഗപ്പെടുത്തുന്നു. | വർഷത്തിൽ രണ്ടോ മൂന്നോ തവണ. | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | I.T സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ പോലുള്ള പ്രവർത്തനങ്ങൾ I.T സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലെത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു തവണ | ഗണിത അധ്യാപകർ | |
| 4) ഗണിതത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ കണ്ടെത്തി, അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് മാർഗനിർദ്ദേശങ്ങൾ നല്കുന്നു. ആവശ്യമായ പ്രവർത്തനങ്ങൾ നല്കുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 5) വിവിധ ശേഷികളുടെ വികാസം. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു, സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | ഗണിത അധ്യാപകർ SRG | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| Sl.No | Programme | Activity | Duration | ഉത്പന്നം | പിന്തുണ |
|---|---|---|---|---|---|
| 1 | UP തലത്തിൽ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും വാക്യങ്ങളും ഉറപ്പിക്കൽ | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>• Class-ൽ അക്ഷരമാല പ്രദർശനം<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങൾ നിർമ്മാണം | June to August | അക്ഷര ചാർട്ട്<br>പുസ്തകം | BRC<br>DIET |
| 2 | വീടുകളിൽ നിന്ന് കാണുന്നതും, കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക തയ്യാറാക്കുക<br>• ICT സഹായത്തോടെ വസ്തുക്കളും വാക്കുകളും പരിശീലിപ്പിക്കൽ | Sept. to October | ഹിന്ദി നിഘണ്ടു | PTA<br>BRC |
| 3 | ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ<br>• ക്ലാസ് ലൈബ്രറി<br>• അധിക വായന സാമഗ്രികൾ | Nove. to February | പുസ്തകങ്ങൾ | BRC<br>PTA<br>SEERT |

# अकादमिक मास्टर प्लान

1 छात्रों को स्कूल वातावरण की ओर लाना है।

2 अपनी पसंद के अनुसार पढ़ाई प्रक्रियाओं में भाग लेने का अवसर देना।

3 ज्ञानवर्धक किताबों का वाचन।

4 विशेष दिनों का आचरण करना।

5 शारीरिक और मानसिक रूप में विकल्प बच्चे जो स्कूल में न आते उसको छोटी छोटी वीडियो द्वारा क्लास देना।

6 हिंदी भाषा की विकास के लिए लेखन, वाचन आदि को अधिक अवसर देना।

# അക്കാദമിക് മാസ്റ്റർ പ്ലാൻ – സോഷ്യൽ സയൻസ്.

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|
| 1. | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ വിവിധ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുന്നു. | | സോഷ്യൽ സയൻസ് അധ്യാപകർ. | സോഷ്യൽ സയൻസ് ക്ലബ്, PTA. |
| 2. | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ് സഭ എന്നിവയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു. സ്കൂൾ പാർലമെന്റ് പ്രവർത്തനങ്ങൾ, ജനപ്രതിനിധികളുമായി സംവദിക്കൽ എന്നിവയിലൂടെ ജനാധിപത്യ രീതിയുടെ അടിസ്ഥാന തലങ്ങൾ പരിചയപ്പെടുത്തൽ | | | |
| 3. | വിവിധങ്ങളായ ഭൂവിശാസ്ത്ര പ്രത്യേകതകൾ മനസ്സിലാക്കുക. | വൻകരകൾ, രാജ്യങ്ങൾ, സമുദ്രങ്ങൾ, നദികൾ എന്നിവയുടെ അടിസ്ഥാന വിവരങ്ങൾ ഭൂപടത്തിന്റെയും, ഗ്ലോബ്, ICT എന്നിവയുടെ സഹായത്തോടെ മനസ്സിലാക്കുന്നു. | | | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|
| 4. | ചരിത്ര ശേഷിപ്പുകളുടെ സംരക്ഷണത്തിന്റെ ആവശ്യകത. | ചരിത്ര മ്യൂസിയം സന്ദർശനം, ഫീൽഡ് ട്രിപ്പുകൾ, ഫോട്ടോകളുടെ നാണയ ശേഖരണം, സ്റ്റാമ്പ് ശേഖരണം. സാമൂഹ്യശാസ്ത്ര ലാബ് ഒരുക്കൽ. | | സോഷ്യൽ സയൻസ് അധ്യാപകർ | P T A S.S ക്ലബ്ബ് |
| 5. | ചരിത്ര സ്രോതസ്സുകൾ എന്ന നിലയിൽ യാത്രാ വിവരണങ്ങളുടെ പ്രാധാന്യം കുട്ടികൾക്ക് മനസ്സിലാക്കുക. | യാത്രാ വിവരണക്കുറിപ്പുകൾ ശേഖരിക്കുന്നു. സ്കൂൾ ലൈബ്രറിയിൽ നിന്നും സഞ്ചാര സാഹിത്യങ്ങൾ വായിക്കൽ, കുറിപ്പുകൾ തയ്യാറാക്കുന്നു. | | | |
| 6. | ഗ്ലോബ് നിർമ്മാണം | വൻകരകളും, സമുദ്രങ്ങളും മനസ്സിലാക്കുന്നതിനും, അക്ഷാംശ രേഖാംശ രേഖകൾ മനസ്സിലാക്കുന്നതിനും സഹായിക്കുന്നു. | | S.S. അധ്യാപകർ | S.S. club. |
| 7 | ഫീൽഡ് ട്രിപ്പ് | മൂല്യങ്ങൾ വളർത്തുവാനും, അനുഭവം പങ്കിടാനും അവസരം ലഭ്യമാക്കുന്നു. | | S.S. അധ്യാപകർ | S.S. club. |

അക്കാദമിക് മാസ്റ്റർ പ്ലാൻ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ ചിന്താശേഷിയെ പരിപോഷിപ്പിച്ച് ആശയസംവേദനം നടത്താനും പദസമ്പത്ത് വർദ്ധിപ്പിക്കാനും കുട്ടികളെ പ്രാപ്തരാക്കുക. | * പ്രീ ടെസ്റ്റ്<br>* അക്ഷരം, മലയാളം ചാർട്ടുകൾ<br>* അക്ഷരങ്ങളും, ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം<br>* അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ പാടി അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വർദ്ധനം. | 3 മാസം | PTA സ്കൂൾ | PTA |
| കുട്ടികളിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തി മികച്ച വായനക്കാരനാക്കുക. | * ക്ലാസ്, സ്കൂൾ തല ലൈബ്രറി നവീകരിക്കൽ<br>* വായനോത്സവം സംഘടിപ്പിക്കൽ<br>* പത്രവായന, വായനക്കുറിപ്പ് പതിപ്പ്, ഇ. വായന.<br>* അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ഉൾപ്പെടുത്തി ക്വിസ് മത്സരം | 10 മാസം | അദ്ധ്യാപകർ രക്ഷിതാക്കൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | * എഴുത്തുകൂട്ടം രൂപീകരണം<br>* പുസ്തക ചർച്ച<br>* വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>* ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>* പാഠഭാഗവുമായി ബന്ധപ്പെട്ട പോസ്റ്റർ കാർഡുകൾ, ചിത്രനാടകങ്ങൾ, സംഭാഷണം തുട.... തയ്യാറാക്കൽ | ഒക്ടോ–Feb | PTA അധ്യാപകർ രക്ഷിതാക്കൾ | |
| സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. കലാവാസനകളെ പരിപോഷിപ്പിക്കുക | * ഈണത്തിലും താളത്തിലും ഒഴുക്കോടും സരളമായും കാവ്യാലാപനം<br>* രംഗാവിഷ്കാരം- പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രനാടകങ്ങൾ സന്ദർഭങ്ങൾ അവതരിപ്പിക്കൽ<br>* പ്രസംഗ പരിശീലനക്കളരി<br>* വിവിധ വിഷയങ്ങൾ നൽകി പ്രബന്ധം തയ്യാറാക്കൽ | 1 വർഷം | PTA അധ്യാപകർ | വിവിധ ക്ലബ്ബുകൾ PTA |